# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3784 — 12/12/2018 ൽ മറുപടിക്ക്

**ശബരിമല യുവതീ പ്രവേശന വിഷയത്തിൽ സർവ്വകക്ഷിയോഗം**

ചോദ്യം — മറുപടി

ശ്രീ.അടൂർ പ്രകാശ്
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ.റോജി എം. ജോൺ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

പിണറായി വിജയൻ
(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ സർവ്വകക്ഷിയോഗം വിളിച്ചിരുന്നോ; | (എ) | വിളിച്ചിരുന്നു. |
| (ബി) | ക്രമസമാധാന നിലയെ സാരമായി ബാധിക്കാൻ സാധ്യതയുള്ള ഒരു സുപ്രധാന വിഷയത്തിൽ സുപ്രീംകോടതിയുടെ വിധി വന്നയുടൻ സംസ്ഥാനത്തെ എല്ലാ പാർട്ടികളുടെയും അഭിപ്രായങ്ങൾ ആരായാൻ സർവ്വ കക്ഷിയോഗം വിളിക്കണമായിരുന്നുവെന്ന് വിലയിരുത്തുന്നുണ്ടോ ; | (ബി) | സുപ്രീംകോടതിയുടെ വിധി വന്നയുടൻ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും ആദ്യം വിധിയെ സ്വാഗതം ചെയ്യുന്ന നിലപാടാണ് സ്വീകരിച്ചത്. ആയതിനാൽ ആദ്യഘട്ടത്തിൽ സർവ്വ കക്ഷി യോഗം ചേരേണ്ടതുണ്ടെന്ന് വിലയിരുത്തേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല |
| (സി) | സുപ്രീംകോടതി വിധി ഏതു വിധേനയും നടപ്പിലാക്കും എന്ന നിലപാടിൽ ആക്ടിവിസ്റ്റുകളെ ശബരിമലയിൽ കയറ്റാൻ സർക്കാർ ശ്രമം നടത്തിയതായി ആക്ഷേപമുയർന്നത് എന്തുകൊണ്ടായിരുന്നു; ഈ ശ്രമങ്ങൾ പിന്നീടുപേക്ഷിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് സർക്കാർ ബാധ്യസ്ഥമാണെങ്കിലും ആരെയും നിർബന്ധിച്ച് ശബരിമലയിൽ കയറ്റാൻ സർക്കാർ ശ്രമം നടത്തിയിട്ടില്ല. |
| (ഡി) | സർക്കാരിന്റെ നടപടികൾക്കെതിരെ ജനവികാരം ഉയർന്നതുകൊണ്ടാണോ സർവ്വ കക്ഷിയോഗം വിളിക്കാൻ തീരുമാനിച്ചതെന്ന് അറിയിക്കുമോ? | (ഡി) | സുപ്രീംകോടതി വിധി സംബന്ധിച്ച് ചില രാഷ്ട്രീയ പാർട്ടികൾ അവരുടെ ആദ്യനിലപാട് മാറ്റിയപ്പോൾ യഥാർത്ഥ നിലപാട് അറിയുന്നതിനും സർക്കാർ നിലപാട് വ്യക്തമാക്കുന്നതിനുമാണ് സർവ്വ കക്ഷിയോഗം വിളിക്കാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ